# 5

# യേശുവിന്റെ മുന്നോടി

## (3:1-12)

യെഹൂദ്യാ മരുഭൂമിയിലെ യോഹന്നാന്റെ പ്രസംഗം എടുത്തുകാണിച്ചുകൊണ്ടാണ് മത്തായി ക്രിസ്തുവിന്റെ വരവിനായുള്ള ഒരുക്കത്തെ പറയുന്നത്. മലാഖി പ്രവചിച്ച് നാനൂറു വർഷക്കാലത്തെ ഇടവേളക്കു ശേഷമാണ് യോഹന്നാന്റെ ശുശ്രൂഷ ആരംഭിക്കുന്നത്.[1] യോഹന്നാൻ സ്നാപകനെ ആളുകൾ പരിചയപ്പെട്ടു കഴിഞ്ഞതായിട്ടാണ് മത്തായിക്ക് ബോധ്യമായത്, അതുകൊണ്ട് അവൻ പ്രവാചകന്റെ പശ്ചാത്തലത്തെ വിശദമാക്കുന്നില്ല. യോഹന്നാനെ യെഹൂദന്മാർക്ക് നന്നായി-പരിചയമുണ്ടായിരുന്നതായി സുവിശേഷങ്ങൾ വ്യക്തമാക്കുന്നു, യെഹൂദ ചരിത്രകാരനായിരുന്ന ജോസെഫസും വ്യക്തമാക്കുന്നു.[2]

മറ്റു സുവിശേഷങ്ങളേക്കാൾ കൂടുതലായി യോഹന്നാനെ കുറിച്ച് ലൂക്കൊസ് വിശദമാക്കുന്നു. യോഹന്നാന്റെ അപ്പനായ സെഖര്യാവ് ഒരു പുരോഹിതനായിരുന്നു, അവൻ അബിയാവിൽനിന്നു എട്ടാമത്തെ വിഭജനമായിരുന്നു (ലൂക്കൊ. 1:5). ദാവീദ് രാജാവ് പുരോഹിതന്മാരെ ഇരുപത്തിനാലായി ഭാഗിച്ചിരുന്നു (1 ദിന. 24). അവരെല്ലാം വർഷത്തിൽ രണ്ടു പ്രാവശ്യം ദൈവാലയത്തിൽ ശുശ്രൂഷ ചെയ്തിരുന്നു. മറ്റു നാല് ആഴ്ച്ചകൾ യെഹൂദന്മാരുടെ ഉൽസവങ്ങളായിരുന്നു, അപ്പോൾ (എല്ലാവരും അല്ലെങ്കിൽ) മിക്കപേരും ശുശ്രൂഷ ചെയ്തിരുന്നു.

സെഖര്യാവിന്റെ ഭാര്യ എലിശബെത്ത്, കുട്ടികൾ ജനിക്കുവാനുള്ള പ്രായം കഴിയുന്നതുവരെ മച്ചിയായിരുന്നു (ലൂക്കൊ. 1:7, 18). അവളുടെ ബന്ധു, ഒരു പക്ഷെ കസിൻ (കെജെവി) ആയിരിക്കാം യേശുവിന്റെ അമ്മ മറിയ (ലൂക്കൊ. 1:36). സെഖര്യാവ് ദൈവാലയത്തിൽ ശുശ്രൂഷ ചെയ്തുകൊണ്ടിരിക്കുമ്പോൾ, ഗബ്രിയേൽ ദൂതൻ അവന്നു പ്രത്യക്ഷനായി, അവന്റെ ഭാര്യ എലിശബെത്തിൽ അവനു ഒരു മകൻ ജനിക്കുമെന്നും, അവന്നു "യോഹന്നാൻ" എന്നു പേർ ആയിരിക്കുമെന്നും അരുളിച്ചെയ്തു. സെഖര്യാവ് അവിശ്വാസം പ്രകടിപ്പിച്ചപ്പോൾ കുട്ടി ജനിക്കുന്നതുവരെ അവനു സംസാരശേഷി നഷ്ടപ്പെട്ടു (ലൂക്കൊ.1:11-22, 59-64).

യോഹന്നാൻ ദൈവത്തിനു പ്രത്യേക ദാസനും, അമ്മയുടെ ഉദരത്തിൽ വെച്ചുതന്നെ പരിശുദ്ധാത്മാവിനാൽ നിറയപ്പെടുമെന്നു ദൂതൻ സെഖര്യാവിനോട് പറഞ്ഞിരുന്നവനുമായിരുന്നു. യിസ്രായേൽ പുത്രന്മാരിൽ പലരേയും അവൻ ദൈവത്തിങ്കലേക്ക് മടക്കി വരുത്തുമെന്നും അറിയിച്ചിരുന്നു (ലൂക്കൊ. 1:15, 16). വീഞ്ഞും മദ്യവും ഉപേക്ഷിച്ചതു നിമിത്തം പലരും യോഹന്നാനെ നാസീർ വ്രതക്കാരനാണെന്ന് ധരിച്ചിരുന്നു, അതിനുള്ള മറ്റ് ആവശ്യങ്ങൾ അവനിൽ ഉള്ളതായി തിരുവെഴുത്തിൽ പറയുന്നില്ല (ലൂക്കൊ. 1:15; സംഖ്യ. 6) "ഏലിയാവിന്റെ ആത്മാവിലും ശക്തിയിലും" ആയിരിക്കും യോഹന്നാൻ വരുന്നതെന്നും പറഞ്ഞിരുന്നു (ലൂക്കൊ. 1:17). "യഹോവയുടെ വലുതും പ്രസിദ്ധവുമായ നാൾ വരും മുമ്പെ," "ഏലിയാ പ്രവാചകൻ" വരുമെന്ന് മലാഖി

പ്രവാചകൻ പ്രവചിച്ചിരുന്നു (മലാ. 4:5). "കർത്താവിന്നു മുൻപ് അവന്നു വഴി ഒരുക്കും" എന്നു യോഹന്നാൻ ജനിച്ചശേഷം സെഖര്യാവ് പ്രവചിച്ചിരുന്നു (ലൂക്കൊ. 1:76). അവന്റെ പ്രസ്താവനയും മലാഖി 3:1 ലെ പ്രവചനവും നിറവേറി. അവൻ മുൻപേ പോയി "കർത്താവിനു വേണ്ടി വഴി ഒരുക്കും" എന്ന് ദൂതൻ പറഞ്ഞിരുന്നു (ലൂക്കൊ. 1:17). വരുവാനുള്ള ഏലിയാവ് യോഹന്നാനായിരുന്നു എന്ന് യേശു പിന്നീട് പറഞ്ഞു (11:10, 14; 17:11–13).

## ഒരുക്ക സന്ദേശം
## (3:1-4)

**[1]ആ കാലത്ത് യോഹന്നാൻ സ്നാപകൻ വന്നു, യെഹൂദ്യാ മരുഭൂമിയിൽ പ്രസംഗിച്ചു, [2]"സ്വർഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ എന്നു പറഞ്ഞു." [3]യെശയ്യാവ് അരുളിച്ചെയ്തതുപോലെ,**

**"മരുഭൂമിയിൽ വിളിച്ചു പറയുന്നവന്റെ വാക്കാവിത്,**
**'കർത്താവിന്റെ വഴി ഒരുക്കി**
**അവന്റെ പാത നിരപ്പാക്കുവിൻ!' "**

**[4]യോഹന്നാന് ഒട്ടകരോമം കൊണ്ടുള്ള ഉടുപ്പും അരയിൽ തോൽവാറും ഉണ്ടായിരുന്നു. അവന്റെ ആഹാരമോ വെട്ടുക്കിളിയും കാട്ടുതേനും ആയിരുന്നു.**

**വാക്യം 1. അക്കാലത്ത്** എന്ന പ്രയോഗം യേശുവിന്റെ ജനനത്തെ വിവരിച്ചതും (1; 2) യേശുവിന്റെ ശുശ്രൂഷയുടെ ഒരുക്കവും തമ്മിൽ ബന്ധിപ്പിക്കുന്നതാണ് (അദ്ധ്യാ. 3). അത് ക്രിസ്തീയ പ്രസ്ഥാനത്തിന്റെ ആരംഭത്തെ സൂചിപ്പിക്കുന്നതായി ചിലർ പറയുന്നുണ്ടെങ്കിലും, അത് പോതുവിൽ യേശു നസറേത്തിൽ താമസിച്ച കാലത്തെ സൂചിപ്പിക്കുന്നതായിരിക്കാം (2:23). ഹെരോദാവ് മരിച്ച് ഏതാണ്ട് മുപ്പതു വർഷം കഴിഞ്ഞു (ബി. സി. 4), യേശുവും കുടുംബവും നസറേത്തിൽ താമസിക്കുവാനായി യിസ്രായേലിലേക്ക് മടങ്ങി വന്നു (2:23). "തിബര്യാസ് കൈസറുടെ വാഴ്ച്ചയുടെ പതിമൂന്നാം ആണ്ടിൽ" **യോഹന്നാൻ** സ്നാപക [ന്റെ] ശുശ്രൂഷ ആരംഭിച്ചതായി ലൂക്കൊസ് 3:1 പ്രത്യേകമായി പറയുന്നു (ഏ. ഡി. 28). യേശുവിനു "ഏതാണ്ട് മുപ്പതു വയസായ" പ്പോഴായിരുന്നു അവൻ തന്റെ ശ്ശ്രൂഷ ആരംഭിച്ചത് (ലൂക്കൊ. 3:23), യോഹന്നാന് യേശുവിനേക്കാൾ ആറു മാസം പ്രായക്കൂടുതലുണ്ടായിരുന്നു (ലൂക്കൊ. 1:36, 56, 57). അതുകൊണ്ട്, യോഹന്നാനും തന്റെ ശുശ്രൂഷ ആരംഭിച്ചപ്പോൾ ഏതാണ്ട് മുപ്പതു വയസ് പ്രായമുണ്ടായിരുന്നു.

യോഹന്നാനും യേശുവും വളർന്ന വർഷങ്ങളെ കുറിച്ച് അധികമൊന്നും സുവിശേഷം എഴുതിയവർ പറഞ്ഞിട്ടില്ല (ലൂക്കൊ. 1:80; 2:40–52). കാരണം യേശുവിന്റെ ശുശ്രൂഷക്കും, അവന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവക്കാണ് സുവിശേഷങ്ങൾ ഊന്നൽ നൽകുന്നത്. യേശുവിന്റെ ബാല്യകാലത്ത് വളർന്ന ഇതിഹാസങ്ങൾ പലതുണ്ട്. റോബർട്ട് എച്ച്. മൗൺസ് എഴുതി, "ഭാഗ്യവശാൽ, സുവിശേഷങ്ങളിലൊന്നും അത്തരം ആവേശം ജനിപ്പിക്കുന്ന ഒന്നും പറയാതെ, മറ്റു യഹൂദ കുട്ടികളെപോലെ യേശുവും വളർന്നു വന്നു എന്നാണ് പറഞ്ഞിരിക്കുന്നത്."[3]

യോഹന്നാൻ ജീവിച്ചത് ചാവുകടൽ ചുരുൾ കണ്ടെടുത്ത സ്ഥലമായ ഖുമ്റാനിലാണെന്ന് ചിലർ ഊഹിക്കുന്നു. അവന്റെ വൃദ്ധരായ മാതാപിതാക്കൾ (ലൂക്കൊ. 1:7) മരിക്കുകയും, അവരുടെ വിഭാഗത്തിൽ പെട്ടവർ യേശുവിന്റെ ചുമതല ഏറ്റെടുക്കുകയോ, അഥവാ യോഹന്നാൻ യുവാവായി അവരോട് ചേരുകയോ ചെയ്തിരിക്കാമെന്നാണ് അവർ പറയുന്നത്, കൂടാതെ അപ്പോൾ ലഭിച്ച ഉപദേശങ്ങളാണ് അവന്റെ ജീവിതത്തെ മാറ്റിയത് എന്നും അവർ പറയുന്നു. അതു ശരിയല്ല, കാരണം അതു തെളിയിക്കപ്പെട്ടിട്ടില്ല. യോഹന്നാനെ കുറിച്ചു തിരുവെഴുത്തു പറയുന്നത്, "പൈതൽ വളർന്നു ആത്മാവിൽ ബലപ്പെട്ടു; അവൻ യിസ്രായേലിന്നു തന്നെത്താൻ കാണിക്കുംനാൾ വരെ മരുഭൂമിയിൽ ആയിരുന്നു" (ലൂക്കൊ. 1:80). അതിലുപരിയായി, സ്വർഗത്തിൽ നിന്നു സന്ദേശം ലഭിച്ച പ്രവാചകനായിരുന്നു അവൻ: "... സെഖര്യാവിന്റെ മകനായ യോഹന്നാന് മരുഭൂമിയിൽ വെച്ചു ദൈവത്തിന്റെ അരുളപ്പാടുണ്ടായി" (ലൂക്കൊ. 3:2).

യോഹന്നാനെ **സ്നാപകൻ**, അല്ലെങ്കിൽ "സ്നാനപ്പെടുത്തുന്നവൻ" (*ബാപ്റ്റെസ്റ്റെസ്*) എന്നു വിളിച്ചു, കാരണം അതാണ് അവൻ ചെയ്തത്. അവൻ ആളുകളെ സ്നാനപ്പെടുത്തി (3:6 ന്റെ പരാമർശം നോക്കുക). മത്തായി പറഞ്ഞതനുസരിച്ച്, അവൻ **യെഹൂദ്യാ മരുഭൂമിയിലായിരുന്നു പ്രസംഗിച്ചത്**. (*കെരൂസോ*) എന്ന വാക്കിൽ നിന്നാണ് "പ്രസംഗം" എന്ന വാക്ക് വന്നത്, അർത്ഥം, "പ്രഖ്യാപിക്കൽ (പ്രഖ്യാപനം പോലെ)." പരസ്യമായി അറിയിപ്പ് നടത്തുന്നയാളെയാണ് "ഹെറാൾഡ്" എന്നു പറയുന്നത്. "മരുഭൂമി" എന്നതു (*എരേമോസ്*) ആൾപ്പാർപ്പില്ലാത്തതും കൃഷി ചെയ്യാത്തതുമായ സ്ഥലമാണ്. യെരുശലേമിനും ചാവുകടലിനും ഇടക്ക് വളരെ കുറച്ചു മാത്രം ആൾപാർപ്പുള്ള സ്ഥലത്തെയാണ് മത്തായി ഉദ്ദേശിച്ചത്. ആ പ്രദേശങ്ങളിൽ ചിലത് ഇപ്പോഴും പാറകളുള്ളതും അനിഷ്ട സൂചകങ്ങളുമാണ്. ആ പ്രദേശത്തെ കുറിച്ച് ജാക്ക് പി. ലൂയിസ് ഇപ്രകാരം വിവരിച്ചിരിക്കുന്നു:

> യെഹൂദ്യാ മരുഭൂമി മുകൾ പരപ്പിൽനിന്നു താഴോട്ട് ചരിഞ്ഞു ചാവുകടലിലേക്ക് കിടക്കുന്ന പ്രദേശമാണ്. അവിടെ വിരളമായിട്ടേ ജലം ലഭിക്കുകയുള്ളു കാരണം, മേഘമായി ഉയരുന്ന തുള്ളികൾ കാറ്റടിച്ച് പാശ്ചാത്യ മലഞ്ചെരുവിലേക്ക് കൊണ്ടുപോകും. ചെങ്കുത്തായി കിടക്കുന്നതിനാൽ തരിശായും ശൂന്യമായും കിടന്ന സ്ഥലമായിരുന്നു ഖുമ്റാൻ എന്നതായിരുന്നു അതിന്റെ പ്രത്യേകത.[4]

യോഹന്നാൻ തന്റെ ശുശ്രൂഷ മരുഭൂമിയിൽ ആരംഭിച്ചു എന്നത് പ്രാധാന്യമുള്ള ഒന്നായിരുന്നു. മശിഹ ദൈവജനത്തെ വിടുവിക്കുന്നത് അവിടെ തുടങ്ങുമെന്നായിരുന്നു പ്രതീക്ഷ (24:23–26; പ്രവൃത്തികൾ 21:38 നോക്കുക).[5] യോഹന്നാൻ പിന്നീട് വടക്കും കിഴക്കും, യോർദ്ദാൻ നദിക്കരികിലുള്ള "യോർദ്ദാന് അക്കരെയുള്ള ബേഥാന്യയിലും" പ്രസംഗിക്കുകയും, (യോഹ 1:28) "ശാലേമിനടുത്ത് ഐനോനിൽ" സ്നാനം കഴിപ്പിക്കുകയും ചെയ്തു (യോഹ. 3:23).

**വാക്യം 2.** യോഹന്നാന്റെ സന്ദേശം, വ്യക്തവും, ലളിതവും, മനസിലാക്കുവാൻ എളുപ്പമുള്ളതുമായിരുന്നു. യെഹൂദന്മാരെ മാനസാന്തരപ്പെട്ടു ദൈവത്തിലേക്ക് തിരിയുവാൻ അവൻ ആഹ്വാനം ചെയ്തു. ജാതികൾ മാന

സാന്തരപ്പെടേണ്ടിയിരുന്നതുപോലെ അവരും **മാനസാന്തരപ്പെടേണം** എന്നു പ്രസംഗിച്ചത് യെഹൂദന്മാരെ ഞെട്ടിച്ചുകളഞ്ഞു. "മാനസാന്തരം" എന്നതിന് അവിടെ ഉപയോഗിച്ച ഗ്രീക്ക് വാക്ക് (*മെറ്റാനോയെ*) അർത്ഥമാക്കുന്നത്, ജീവിതത്തെ നവോത്ഥാനത്തിലേക്ക് നയിക്കുന്ന മനസിന്റെ മാറ്റമാണ്. പുതിയ നിയമത്തിൽ ആ ഗ്രീക്ക് വാക്ക് ഉപയോഗിച്ചപ്പോഴെല്ലാം, "പാപത്തിൽനിന്നു വിശുദ്ധിയിലേക്ക്"[6] മനസിനെയും ഉദ്ദേശത്തെയും മാറ്റുക എന്നാണ് അർത്ഥമാക്കുന്നതെന്ന് ജോൺ ഏ. ബ്രോഡസ് പറഞ്ഞു. പഴയനിയമ പ്രവാചകന്മാരുടെ ആഹ്വാനങ്ങളെ പുതുക്കുകയായിരുന്ന യോഹന്നാൻ ജനത്തോട് മാനസാന്തരപ്പെടുവാനാണ് പറഞ്ഞത് (യെശ. 55:7; യിരെ. 15:19; യെഹ. 33:11; ഹോശേ. 14:1, 2; യോവേ. 2:12, 13; സെഖ. 1:3, 4; മലാ. 3:7).

വളരെ അത്യാവശ്യമായിട്ടാണ് ജനത്തോട് മാനസാന്തരപ്പെടുവാൻ പറഞ്ഞത്: **"ദൈവരാജ്യം ആസന്നമായിരിക്കുന്നു."** നൂറ്റാണ്ടുകൾക്കു മുമ്പ് ദൈവം വാഗ്ദാനം ചെയ്ത രാജ്യം (ദാനി. 2:44; 7:13, 14) വന്നിട്ടില്ലായിരുന്നു.എന്നാൽ അതു വരുവാൻ സമയം അടുത്തിരിക്കുന്നു. രാജ്യത്തിലെ പൗരന്മാരായി തീരുവാൻ ജനങ്ങൾ അവരുടെ ഹൃദയങ്ങൾ, മനോഭാവം, പെരുമാറ്റം എന്നിവ മാറ്റേണ്ടിയിരുന്നു. മാനസാന്തരത്തിന്റേയും ദൈവരാജ്യം ആസന്നമായിരിക്കുന്നതിന്റേയും സന്ദേശം യേശുവും അറിയിച്ചു (4:17) അപ്പൊസ്തലന്മാരും പ്രസംഗിച്ചു (10:7). റോബർട്ട് എച്ച്. ഗൺഡ്രി പറഞ്ഞു, "മുന്നോടിയായിരുന്ന യോഹന്നാനും, ഗുരുവായിരുന്ന യേശുവും, പന്ത്രണ്ടു ശിഷ്യന്മാരും - പ്രസംഗിച്ച വിഷയം ഒന്നു തന്നെയായിരുന്നു."[7]

മത്തായി 3:2 ലാണ് തിരുവെഴുത്തിൽ ആദ്യമായി "സ്വർഗരാജ്യം" എന്ന പേർ പ്രത്യക്ഷമാകുന്നത്. ആ പ്രയോഗം മത്തായിക്കു പ്രത്യേകതയുള്ളതാകയാൽ, അത് മുപ്പത്തി-രണ്ട് പ്രാവശ്യം ഉപയോഗിച്ചിരിക്കന്നു. മറ്റു സുവിശേഷങ്ങളിൽ അതിനു പകരം "ദൈവരാജ്യം" എന്നാണ്.[8] യെഹൂദ പരിഷ്ക്കാരമനുസരിച്ച്, നേരിട്ട് "ദൈവം" എന്നു പറയുന്നതിനു പകരം "സ്വർഗം" എന്ന് പറഞ്ഞിട്ടുണ്ട്. രാജ്യം ആരംഭിക്കുന്നതും ഭരിക്കുന്നതും സ്വർഗത്തിൽനിന്നാണ്. യേശു പിലാത്തൊസിനോട് പറഞ്ഞു, "എന്റെ രാജ്യം ഐഹികമല്ല" (യോഹ. 18:36). ദൈവം തന്റെ രാജ്യത്തെ ഇന്നു ഭരിക്കുന്നത് സ്വർഗത്തിലെ തന്റെ സിംഹാസനത്തിലിരുന്നാണ് (പ്രവൃത്തികൾ 2:32–36; 1 കൊരി. 15:24).

യേശു മത്തായി 16:18, 19-ൽ മുന്നറിയിച്ചതുപോലെ ആ രാജ്യം സഭയായി ഭൂമിയിൽ വന്നു. പെന്തെകൊസ്തുനാളിൽ, ദൈവരാജ്യത്തിലെ ദൈവികഭരണ സന്ദേശം കൈക്കൊണ്ടവർ സ്നാനപ്പെടുകയും രാജ്യത്തോട് ചേർക്കപ്പെടുകയും ചെയ്തു (പ്രവൃത്തികൾ 2:38, 47). അത്തരം വ്യക്തികളെ ദൈവം "ഇരുട്ടിന്റെ അധികാരത്തിൽനിന്നു വിടുവിച്ച് ... തന്റെ സ്നേഹസ്വരുപനായ പുത്രന്റെ രാജ്യത്തിലാക്കിവെക്കുകയും ... ചെയ്തിരിക്കുന്നു" എന്നാണ് പൗലൊസ് പറഞ്ഞത് (കൊലൊ. 1:13). "ഇളകാത്ത രാജ്യം പ്രാപിച്ചിരിക്കുന്നു" എന്നാണ് എബ്രായ ലേഖകൻ തന്റെ ക്രിസ്തീയ വായനക്കാരെ ഉത്തേജിപ്പിച്ചു പറഞ്ഞത് (എബ്രാ. 12:28). തന്റെ സഹ വിശ്വാസികളോട് അപ്പൊസ്തലനായ യോഹന്നാൻ പറഞ്ഞു, "ഞാൻ നിങ്ങളുടെ സഹോദരനും ... രാജ്യത്തിൽ കൂട്ടാളിയും" ആണ് (വെളി. 1:9).

**വാക്യം 3**. ക്രിസ്തുവിന്റെ മുന്നോടി എന്ന **യെശയ്യാവിന്റെ** പ്രവചനം യോഹന്നാനിൽ നിറവേറിയതായി മത്തായി വെളിപ്പെടുത്തുന്നു:

**"മരുഭൂമിയിൽ വിളിച്ചു പറയുന്നവന്റെ വാക്കാവിത്,**
**'കർത്താവിന്റെ വഴി ഒരുക്കി**
**അവന്റെ പാത നിരപ്പാക്കുവിൻ!' "**

"അവന്റെ പാത നിരപ്പാക്കുക," "കർത്താവിന്റെ വഴി ഒരുക്കുക" എന്നതൊഴിച്ചാൽ സെപ്ത്വജിന്റിന്റെ അടിസ്ഥാനത്തിൽ യെശയ്യാവ് 40:3 ആണ് മത്തായി ഉദ്ധരിച്ചത്. അതുകൊണ്ട്, "കർത്താവ്" എന്ന പദവി കൂടുതൽ യോജിക്കുന്നത് യേശുവിനാണ്.

ആരംഭ സന്ദർഭത്തിൽ, യെശയ്യാവ് 40:3-ൽ ദൈവത്തിന് വഴി ഒരുക്കുവിൻ എന്നു പറയുന്നത് ജനത്തെ ബാബേൽ പ്രവാസത്തിൽനിന്നു തിരിച്ച് യെരുശലേമിലേക്ക്[9] കൊണ്ടുവരുന്നതിനാണ് - ദേശിയ വീണ്ടെടുപ്പിനും പുനരേകീകരണത്തിനും. എങ്ങനെയായാലും, ആ വാക്കുകൾ ദൈവജനത്തെ ആത്മിയമായി വീണ്ടെടുത്ത് യഥാസ്ഥാനപ്പെടുത്തുവാൻ യോഹന്നാന്റെ കാലത്ത് ഒരുക്കിയപ്പോൾ അത് വലിയ ഒരു നിറവേറലായി തീർന്നു.

പാത "നിരപ്പാക്കുക" എന്നതിലെ ഭാവന പുരാതന മരുഭൂമിയിലെ പാതകളെല്ലാം വളരെ മോശമായിരുന്നു എന്നതാണ്. പോൾ ടി. ബട്ട്ലർ വിവരിച്ചു,

> പുരാതന കാലത്ത്, മരുഭൂമിയിലെ, വന്യമൃഗങ്ങൾ, മലകൾ, താഴ്വരകൾ, പാറകൾ എന്നിവ യാത്രക്കു ഭീഷണി ഉയർത്തുന്നവയായിരുന്നു. അത്തരം സ്ഥലങ്ങളിൽകൂടെ രാജാവിനും അവന്റെ സൈന്യത്തിനും യാത്ര ചെയ്യേണ്ടി വന്നാൽ, അവർക്കു മുൻപായി കൂട്ടത്തോടെ അടിമകളെയും തൊഴിലാളികളെയും അയച്ച് താഴ്വരകൾ നിരപ്പാക്കുകയും, പാതകൾ യാത്രക്ക് അനുയോജ്യമാക്കുകയും ചെയ്തിരുന്നു.[10]

മാനസാന്തരവും ആസന്നമായ രാജ്യവും വിഷയമായി പ്രസംഗിച്ച് വരുവാനുള്ള രാജാവിനായി ആളുകളുടെ ഹൃദയങ്ങളെ ഒരുക്കുകയായിരുന്നു യോഹന്നാൻ (മർക്കൊ. 1:2, 3; ലൂക്കൊ. 3:4–6; യോഹ. 1:23). ലൂയിസ് പറഞ്ഞു, "ആ സമയത്ത് മരുഭൂമിയിലുണ്ടായിരുന്നവർ - ഖുമ്റാൻ സമൂഹമായിരുന്നു - അവർ യെശയ്യാവ് [40:3] ൽ പറഞ്ഞിരിക്കുന്നവരുടെ 'പാത'യിൽനിന്നും അൽപം വ്യത്യാസമുണ്ടായിരുന്നു."[11] അവരുടെ പ്രസ്ഥാനം ഇല്ലാതാകുകയും, ക്രിസ്തുവിന്റെ രാജ്യം എന്നേക്കും നിലനിൽക്കുകയും ചെയ്യുന്നതാകയാൽ, അവന്നു വഴി ഒരുക്കേണ്ടിയിരുന്നു.

**വാക്യം 4. ഒട്ടകരോമം കൊണ്ടുള്ള ഉടുപ്പും തോൽവാറും** ധരിച്ച **യോഹന്നാന്** ആ കാഴ്ച്ച എത്ര മനോഹരമായിരുന്നിരിക്കണം! തന്റെ ലളിതമായ പ്രസംഗവും യോഹന്നാന്റെ ജീവിതവും മരുഭൂമിക്കു യോജിച്ചതായിരുന്നു. സ്വയം-ത്യജിച്ചതും ത്യാഗപൂർണ്ണവുമായ ജീവിതമായിരുന്നു യോഹന്നാൻ നയിച്ചിരുന്നത്. "രാജധാനിയിൽ വസിക്കുന്നവരും," "മാർദ്ദവ വസ്ത്രം" ധരിക്കുന്നവരും യോഹന്നാനിൽനിന്നു വ്യത്യസ്തരായിരുന്നതായി യേശു പറയുകയുണ്ടായി (11:8)[12] പഴയ പ്രവാചകന്മാരുടേതുപോലെയായിരുന്നു അവന്റെ പരുപരുത്ത വസ്ത്രങ്ങൾ (സെഖ. 13:4) - പ്രത്യേകിച്ച് ഏലിയാവ് (2 രാജാ. 1:8; മലാ. 3:1; 4:5; മത്താ. 11:14; 17:10–13). അവനെ കുറിച്ച് എന്തു വിചാരിക്കണമെന്ന് യെഹൂദന്മാർക്ക് അറിയില്ലായിരുന്നു, എന്നാൽ അവൻ ഒരു പ്രവാചകനായിരുന്നു എന്ന് അവർക്ക് അറിയാമായിരുന്നു (11:9; 21:26).

യോഹന്നാന്റെ ആഹാരമായ **വെട്ടുക്കിളിയും കാട്ടുതേനും** അവന്റെ മരുഭൂമി വാസത്തിനു യോജിച്ചതായിരുന്നു, എന്നാൽ ജനവാസമുള്ള സ്ഥലങ്ങളിലുള്ളവർക്ക് അസാധാരണമായിരുന്നു. യോഹന്നാൻ നാസ്രീൻ വ്രതക്കാരനായിരുന്നു എന്നു വിചാരിച്ച ഗൺഡ്രി പറഞ്ഞു, "വെട്ടുക്കിളിയും കാട്ടുതേനും വിരളമായിരുന്നു എന്നു മാത്രമല്ല, മരുഭുമിക്കു യോജിച്ചതുമായിരുന്നു, എന്നാൽ അതു വിശുദ്ധവും ജഡത്തെ രക്തം ഉണങ്ങാതിരിക്കേണ്ടതിനു (അതിനാൽ വെട്ടുക്കിളി), വീഞ്ഞ് ഇല്ലാത്തതിനാൽ തേനും (അതുകൊണ്ട് തേൻ)."[13] യോഹന്നാന്റെ ആഹാര രീതി കണ്ട ജനം അവന് ഭൂതമുണ്ട് എന്നു പറഞ്ഞു (11:18).

"തേനീച്ച വളർത്തുന്നവർ കാട്ടിൽനിന്നു തേനീച്ചക്കൂട്ടിൽനിന്നു ശേഖരിച്ചു" വിറ്റിരുന്നതാണ് "കാട്ടുതേൻ."[14] ബൈബിൾ കാലഘട്ടത്തിൽ അത്തരം തേൻ സുലഭമായിരുന്നു (ആവ. 32:13; ന്യായ. 14:8, 9, 18; 1 ശമു. 14:25, 26, 29; സങ്കീ. 81:16). എന്നാൽ നമുക്ക് വെട്ടുക്കിളി തിന്നുന്ന കാര്യം വിചാരിക്കുമ്പോൾ തന്നെ മനംപുരട്ടൽ അനുഭവപ്പെടും. ദൈവം സ്പഷ്ടമായും അത് അനുവദിച്ചിരുന്നു - അത് പ്രോൽസാഹിപ്പിക്കയും ചെയ്തിരിക്കാം - യിസ്രായേൽ അവ തിന്നിട്ടുണ്ട് (ലേവ്യാ. 11:22). അവരുടെ ഒരുക്കത്തെ കുറിച്ച് എച്ച്. ലിയോ ബോൾസ് പറഞ്ഞു,

> അവർ അവയെ വറുക്കുകയോ, പുഴുങ്ങുകയോ, അല്ലെങ്കിൽ ചിലപ്പോൾ ഉപ്പ് തേച്ച് ഉണക്കി സൂക്ഷിച്ച് സാധുക്കൾ ആയിട്ടുള്ളവർ ഉപയോഗിക്കും, പൂർവ്വദിക്കുകളിലാണ് അവ കാണപ്പെടുന്നത്. വെട്ടുക്കിളിയുടെ സീസൺ തീരുമ്പോൾ കഴിക്കുവാനായി ആളുകൾ ഉണങ്ങി സൂക്ഷിക്കുകയും ചെയ്തിരുന്നു. തല, കാലുകൾ, ചിറകുകൾ എന്നിവ പാചകം ചെയ്യുന്നതിനു മുൻപ് നീക്കം ചെയ്തിരുന്നു. അവ പച്ചയായി വേവിച്ചോ, ഉണങ്ങിയശേഷം പാചകം ചെയ്തോ കഴിച്ചിരുന്നു.[15]

പൂർവ്വ ദേശങ്ങളിൽ, ഇന്നും വെട്ടുക്കിളി രുചികരമായ ആഹാരമായി കഴിക്കുന്നുണ്ട്.

## ഒരുക്ക സ്നാനം
## (3:5, 6)

**5അന്നു യെരുശലേമ്യരും യെഹൂദ്യാ ദേശക്കാരൊക്കെയും യോർദ്ദാന്റെ ഇരുകരയുമുള്ള എല്ലാ നാട്ടുകാരും പുറപ്പെട്ടു അവന്റെ അടുക്കൽ ചെന്നു 6തങ്ങളുടെ പാപങ്ങളെ ഏറ്റുപറഞ്ഞുകൊണ്ട് യോർദ്ദാൻ നദിയിൽ അവനാൽ സ്നാനം ഏറ്റു.**

**വാക്യം 5.** മിക്ക പ്രവാചകന്മാരും പട്ടണങ്ങളിലും, ടൗണുകളിലും, ഗ്രാമങ്ങളിലും ആളുകളുള്ള സ്ഥലങ്ങളിലേക്കാണ് പോയത്, എന്നാൽ ഇവിടെ ആളുകൾ മരുഭൂമിയിലുള്ള പ്രവാചകന്റെ അടുക്കലേക്കാണ് പോയത്. യോർദ്ദാൻ നദിയിലായിരുന്നു യോഹന്നാൻ സ്നാനം കഴിപ്പിച്ചത്, സാധാരണ ആളുകൾ അവിടേക്ക് ഒഴുകിക്കൊണ്ടിരുന്നു. **യെരുശലേമിലുള്ളവരും, യെഹൂദ്യയിലുള്ളവരും, യോർദ്ദാനു ചുറ്റുമുള്ളവരും സ്നാനത്തിനായി അവന്റെ**

**അടുക്കലേക്കു വന്നു** എന്നാണ് മത്തായി എഴുതിയത്. "ഒക്കെ" എന്ന് ഇവിടെ പറഞ്ഞതു അതിശയോക്തിപരമാണ്. തീർച്ചയായും ആ പ്രദേശങ്ങളിലെ *എല്ലാ* ആളുകളും അവനെ കേൾക്കുവാനായി വന്നിരുന്നില്ല, പക്ഷെ അസംഖ്യം ആളുകൾ ഓരോ സ്ഥലത്തു നിന്നും വന്നിരുന്നു. ജനങ്ങൾക്കിടയിൽ ഒരു ലഹള പൊട്ടിപ്പുറപ്പെടുമോ എന്ന് ഹെരോദാവ് അന്തിപ്പാസ് ഭയപ്പെടുന്ന വിധത്തിൽ യോഹന്നാന്റെ പ്രചാരം അത്ര വലുതായി തീർന്നു എന്ന് ജോസെഫസ് പറഞ്ഞു.[16]

**വാക്യം 6**. യോഹന്നാനെ കേൾക്കുവാൻ ചെന്ന അനവധിപേർ **അവനാൽ സ്നാനം ഏറ്റു**. "സ്നാനം" എന്നതിനുള്ള ഗ്രീക്ക് വാക്ക് (*ബാപ്റ്റിസോ*) എന്നതിന്റെ അർത്ഥം, "നിമഞ്ജനം," "മുങ്ങുക," "കഴുകുക"[17] എന്നാണ്. അവൻ അവരെ വെള്ളത്തിൽ മുക്കി (യോഹ. 3:23). ക്രിസ്തീയ സ്നാനവും വെള്ളത്തിലുള്ള മുങ്ങലാണ്, ഇവിടെ മാനസാന്തരപ്പെടുന്ന ഒരു വിശ്വാസിയാണ് ക്രിസ്തുവിനോടുകൂടെ "അടക്കപ്പെടുന്നത്" (റോമർ 6:4; കൊലൊ. 2:12). "തളിക്കുക," "ഒഴിക്കുക" എന്ന വാക്കുകൾക്കുള്ള ഗ്രീക്ക് വാക്ക് *വേറെ*യാണ്, അതു പുതിയനിയമത്തിൽ സ്നാനത്തിനു ഉപയോഗിച്ചിട്ടില്ല.

അതിനു *വ്യത്യസ്തങ്ങളായ അർത്ഥങ്ങൾ* ഉണ്ടെങ്കിലും, പുരാതന ലോകത്ത് നിലനിന്നിരുന്ന മതപരമമായ ഒരു ചടങ്ങായിരുന്നു വെള്ളത്തിലുള്ള മുങ്ങൽ. ഡേവിഡ് എസ് ഡോക്കറി പറഞ്ഞു,

> ഉദാഹരണമായി ഹിന്ദുക്കൾ ഗംഗാ നദിയിൽ പോയി സ്നാനം ഏൽക്കുന്നു, ബാബിലോണിയൻ കൾട്ട് ആയ എങ്കിയിലും, മിസ്രയിമ്യരുടെ പുതുതായി ജനിച്ച ശിശുക്കളെ ശുദ്ധീകരിക്കുന്നതും മരിച്ചവരെ ആലങ്കാരികമായി ശുദ്ധീകരിക്കുന്നതുമായ ചടങ്ങുകളുണ്ട്. ക്രേത്യമതത്തിൽ ആരംഭത്തിൽ അവരുടെ ചടങ്ങുകളെ നിർവ്വചിക്കുവാനായി *ബാപ്റ്റിസോയും* അതുമായി ബന്ധപ്പെട്ട വാക്കുകളും ഉപയോഗിച്ചിരുന്നു. ത്രേഷ്യൻ മതത്തിലും, എലേഷ്യൻ മർമ്മ മതത്തിലും പല നോസ്റ്റിക് കൂട്ടങ്ങളിലും കൾട്ടുകളിലും സ്നാനം ഒരു ചടങ്ങായി ആചരിച്ചിരുന്നു.[18]

യെഹൂദ മതാനുസാരികളുടെ പരിശീലനം (മർക്കൊ. 7:3, 4; എബ്രാ. 6:2; 9:10) എങ്ങനെയായാലും, യോഹന്നാന്റെ സ്നാനത്തോട് കൂടുതൽ അടുത്ത ബന്ധമുണ്ടായിരുന്നു. ആഘോഷപരമായ ശുദ്ധീകരണത്തിന് കഴുകൽ ചടങ്ങ് ന്യായപ്രമാണം ആവശ്യപ്പെട്ടിരുന്നു (ലേവ്യാ. 15). ഈ വിഷയത്തെ ധ്യാനിച്ച് പിന്നീട് മിഷ്നാ എഴുതിയപ്പോൾ അതിൽ ഒരു ഭാഗം മുഴുവൻ ഈ ചടങ്ങുകളെ വിശദീകരിച്ചിരുന്നു.[19] അതിലുപരിയായി, പല ഭൂഗർഭ ഗവേഷണങ്ങളിൽ അത്തരം കുളിക്കുന്ന ചടങ്ങുകൾ (*മികാ ഓത്ത്*) ഒന്നാം നൂറ്റാണ്ടിനോടടുത്ത് നടന്നിരുന്നതായി തെളിഞ്ഞിരുന്നത് ഇപ്പോഴും യിസ്രായേലിലുണ്ട്. ഖുമ്റാനിലും അതുപോലെയുള്ള കഴുകൽ ചടങ്ങുകളുണ്ടായിരുന്നു, അവർ പുതിയ യുഗത്തിലേക്ക് പ്രവേശിക്കുവാൻ മാനസാന്തരപ്പെടുവാനും പറഞ്ഞിരുന്നു.[20] കൂടാതെ, കാലനിർണ്ണയം ചോദ്യം ചെയ്യപ്പെടുന്നുവെങ്കിലും, ജാതികളും സ്വയമായി മുങ്ങൽ നടത്തിയിരുന്നു – പരിഛേദന കഴിക്കലും, യാഗം അർപ്പിക്കലും – യെഹൂദ മതാനുസാരികളാകുവാനായി ചെയ്തിരുന്നു.[21]

ന്യായപ്രമാണത്തിലെ കഴുകൽ ചടങ്ങുകളും യെഹൂദമതാനുസാരിയാകുവാനുള്ള പാരമ്പര്യ സ്നാനവും യോഹന്നാന്റെ സ്നാനത്തിനു

പശ്ചാത്തലം ഒരുക്കി, പല വ്യത്യസങ്ങളുണ്ടായിരുന്നു. (1) യോഹന്നാന്റെ സ്നാനം പ്രവാചകനാലായിരുന്നു നടത്തപ്പെട്ടത്, പക്ഷെ കഴുകൽ ചടങ്ങുകളും, യെഹൂദമതാനുസാരിയാകുവാനുള്ള സ്നാനവും സ്വയ - മായിട്ടാണ് ചെയ്തിരുന്നത്. (2) ന്യായപ്രമാണത്തിലെ കഴുകലുകളെല്ലാം ശുദ്ധീകരണ ചടങ്ങുകളായിരുന്നു, പക്ഷെ യോഹന്നാന്റെ സ്നാനത്തിന് മാനസാന്തരവും പാപമോചനവും വലുതായി ഊന്നൽ കൊടുത്തിരുന്നു. (3) ന്യായപ്രമാണത്തിലെ കഴുകൽ ചടങ്ങുകൾ ആവർത്തിച്ചു ചെയ്യേണ്ടിയിരുന്നു, എന്നാൽ യോഹന്നാന്റെ സ്നാനം ഒരിക്കൽ - മാത്രം ചെയ്യേണ്ട പ്രവൃത്തിയായിരുന്നു. (4) യെഹൂദമതാനുസാരിയാകുവാനുള്ള സ്നാനം, ജാതികൾ യെഹൂദനാകുന്നതിനായിരുന്നു, എന്നാൽ യോഹന്നാന്റെ സ്നാനം ദൈവരാജ്യത്തിനായി യെഹൂദന്മാർ ഒരുങ്ങേണ്ടതിനായിരുന്നു. യെഹൂദമതത്തിൽ പെടുന്നതായിരുന്നുവെങ്കിലും, യോഹന്നാന്റെ സ്നാനം മുൻപ് നടന്ന എല്ലാറ്റിൽനിന്നും വ്യത്യസ്തമായിരുന്നു. [തന്നെ] "വെള്ളത്തിൽ സ്നാനപ്പെടുത്തുവാൻ ദൈവം ആണ് അയച്ചത്" എന്നു യോഹന്നാൻ സാക്ഷ്യപ്പെടുത്തിയിരുന്നു (യോഹ. 1:33). യോഹന്നാന്റെ സ്നാനം സ്വർഗത്തിൽനിന്നായിരുന്നു എന്നു യേശു വ്യക്തമാക്കിയിരുന്നു (21:23–27).

യോഹന്നാന്റെ അടുക്കൽ സ്നാനം ഏൽക്കുവാൻ വന്നവർ അവരുടെ പാപങ്ങൾ ഏറ്റുപറഞ്ഞു, കാരണം പാപമോചനം ആഗ്രഹിക്കുന്നവർ മാനസാന്തരപ്പെടേണമെന്ന് പ്രവാചകൻ നിർദ്ദേശിച്ചിരുന്നു (എസ്രാ 9:6–15; സങ്കീ. 51:1–4; ദാനി. 9:4–11 നോക്കുക). ജെഡബ്ലിയു.മെക്ഗാർവേ പറഞ്ഞു, "ഏറ്റു പറച്ചൽ പൊതു സ്വഭാവത്തിലായിരുന്നു; യോഹന്നാന്റെ ശുശ്രൂഷാ കാലയളവു ചുരുക്കവും സ്നാനമേൽക്കുവാൻ വന്ന ആളുകൾ അസംഖ്യവുമായിരുന്നതിനാൽ ഓരോരുത്തരുടേയും പാപങ്ങളെല്ലാം വിശദമായി ഏറ്റുപറയുവാൻ കഴിയുമായിരുന്നില്ല."[22]

അനുതപിച്ച യെഹൂദന്മാരെയായിരുന്നു യോഹന്നാൻ **യോർദ്ദാൻ നദിയിൽ** സ്നാനപ്പെടുത്തിയത്. യോർദ്ദാനെ കുറിച്ച് ലൂയിസ് ഈ വാക്കുകളിൽ പറഞ്ഞിരിക്കുന്നു:

> ഗലീലി തടാകത്തിൽ നിന്നു താഴേക്ക് വ്യോമ മാർഗ ദൂരം അറുപത്തി-യഞ്ചു മൈലായിരുന്നു, യോർദ്ദാൻ കാറ്റ് ഇരുന്നൂറു മൈലിലധികം വേഗത്തിലായിരുന്നു വീശിയിരുന്നതു, സ്നാനത്തിന് ആവശ്യമായ വെള്ളം നദിയിലുണ്ടായിരുന്നു. യെരിഹോവിനു കിഴക്കുഭാഗത്ത് അതിനു തൊണ്ണൂറ് അടി വീതിയും മൂന്നു മുതൽ പന്ത്രണ്ടു അടി വരെ ആഴവുമുണ്ടായിരുന്നു. ആഴമില്ലാത്ത കടവ് ഒഴിച്ച് മറ്റു ഭാഗങ്ങളിൽ അക്കരെ കടക്കണമെങ്കിൽ തോണി വേണം.[23]

## ഒരുക്ക മാനസാന്തരം
## (3:7-12)

**7 തന്റെ സ്നാനത്തിനായി പരീശരിലും സദൂക്യരിലും പലരും വരുന്നതു കണ്ടാറെ, അവൻ അവരോട് പറഞ്ഞത്, "സർപ്പസന്തതികളേ, വരുവാനുള്ള കോപത്തെ ഒഴിഞ്ഞു ഓടി പോകുവാൻ നിങ്ങൾക്ക് ഉപദേശിച്ചു തന്നത് ആർ?**

**മാനസാന്തരത്തിനു യോഗ്യമായ ഫലം കായ്പിൻ.[8] അബ്രഹാം ഞങ്ങൾക്ക് പിതാവായിട്ടുണ്ട് എന്നു ഉള്ളം കൊണ്ടു പറവാൻ തുനിയരുത്.[9] ഈ കല്ലു കളിൽനിന്ന് അബ്രഹാമിന്നു മക്കളെ ഉളവാക്കുവാൻ ദൈവത്തിനു കഴിയും എന്നു ഞാൻ നിങ്ങളോട് പറയുന്നു. [10]ഇപ്പോൾ തന്നെ വൃക്ഷങ്ങളുടെ ചുവ ട്ടിന്നു കോടാലി വെച്ചിരിക്കുന്നു. നല്ല ഫലം കായ്ക്കാത്ത വൃക്ഷം ഒക്കെയും വെട്ടി തീയിലിട്ടു കളയുന്നു.**

**[11]"ഞാൻ നിങ്ങളെ മാനസാന്തരത്തിനായി വെള്ളത്തിൽ സ്നാനം ഏൽപി ക്കുന്നതേയുള്ളു. എന്റെ പിന്നാലെ വരുന്നവനോ എന്നേക്കാൾ ബലവാൻ ആകുന്നു. അവന്റെ ചെരിപ്പ് ചുമപ്പാൻ ഞാൻ മതിയായവനല്ല. അവൻ നി ങ്ങളെ പരിശുദ്ധാത്മാവിലും തീയിലും സ്നാനം ഏൽപിക്കും. [12]വീശുമുറം അവന്റെ കയ്യിൽ ഉണ്ട്. അവൻ കളത്തെ മുറ്റും വെടിപ്പാക്കി കോതമ്പ് കള പ്പുരയിൽ കൂട്ടി വെക്കയും, പതിർ കെടാത്ത തീയിൽ ഇട്ടു ചുട്ടുകളകയും ചെയ്യും."**

**വാക്യം 7.** യെഹൂദ പ്രമാണിമാർ യോഹന്നാനെ കേൾക്കുവാൻ ആകാം ക്ഷമയോടെയായിരുന്നു പോയത്. അവരിൽ **പരീശന്മാരുടെ** പ്രതിനിധികൾ ഉണ്ടായിരുന്നു. മക്കാബിയൻ ലഹളയിൽനിന്നു ഉരുത്തിരിഞ്ഞവരായിരുന്നു ആരംഭത്തിൽ പരിശീന്മാർ എന്നാണ് പൊതുവിൽ ധരിച്ചിരുന്നത്.[24] അക്കാല ത്ത്, സെലൂസൈഡുകൾ യെഹൂദന്മാരിൽ യവന ആചാരങ്ങൾ അടിച്ചേൽപി ച്ചതിനെ അവർ തള്ളിക്കളഞ്ഞിരുന്നു. ന്യായപ്രമാണത്തിനു ചുറ്റും വേലി കെട്ടുന്നതുപോലെ കുറെ കഴിഞ്ഞപ്പോൾ പരീശന്മാർ പൂർണ്ണമായ ഒരു പാ രമ്പര്യ വ്യവസ്ഥ തന്നെ രൂപപ്പെടുത്തി, അവ ഒന്നും ലംഘിക്കുവാൻ പാടി ല്ലായിരുന്നു.[25] വേദശാസ്ത്രപരമായി ഇടുങ്ങിയ ചിന്താഗതിക്കാരായി, അവർ ദൂതന്മാരിലും, ആത്മാക്കളിലും, മരിച്ചവർക്കുള്ള പുനരുത്ഥാനത്തിലും വിശ്വ സിച്ചിരുന്നു (പ്രവൃത്തികൾ 23:8). യെഹൂദന്മാരിൽ, ന്യായപ്രമാണം കർശന മായി പാലിക്കുന്നവരായിട്ടാണ് അവർ തങ്ങളെ തന്നെ കണക്കാക്കിയിരുന്നത് (പ്രവൃത്തികൾ 22:3; 26:5; ഫിലി. 3:5). "പരീശൻ" എന്ന വാക്കിന് "വേർപെ ട്ടവൻ" എന്നാണ് അർത്ഥം. മറ്റുള്ളവർ ന്യായപ്രമാണത്തെ കുറിച്ച് അജ്ഞ രാണെന്നവണ്ണം അവർ തങ്ങളെ മറ്റുള്ളവരിൽനിന്നു വേർപെടുത്തി നിർത്തി (യോഹ. 7:47–49). മുഖ്യമായും അവർ ജനത്തെ സ്വാധീനിച്ചിരുന്നത് പള്ളിക ളിൽ വെച്ചായിരുന്നു (യോഹ. 9:13, 22). ജോസെഫസ് പറഞ്ഞതനുസരിച്ച് പ രീശന്മാരുടെ അംഗസംഖ്യ ആറായിരമായിരുന്നു.[26]

**സദൂക്യരിൽ** പെട്ടവരും യോഹന്നാനെ കാണുവാൻ പോയി. ആ സംഘ ത്തിലുള്ളവർ കുലീനന്മാരായ പുരോഹിതന്മാരായിരുന്നു. ശലോമോന്റെ കാലത്തെ സാദോക്ക് പുരോഹിതനിൽനിന്നായിരിക്കാം അവരുടെ പേർ ഉരു ത്തിരിഞ്ഞു വന്നത് (1 രാജാ. 2:35). പരീശന്മാരെ പോലെ ഇവരുടെ സംഘവും വേർപിരിഞ്ഞത് മക്കാബിയൻ കാലത്തായിരിക്കാം. അവർ റോമാക്കാരുമായി സഹകരിച്ചതിനും ധാരാളിത്തത്തിനും പേരു കേട്ടവരായിരുന്നു. അവരുടെ അന്തസ് നിലനിർത്തുവാൻ തങ്ങളുടെ അധികാരവും നേട്ടവും അവർ നി ലനിർത്തി. ദൂതന്മാരിലും, ആത്മാക്കളിലും, പുനരുത്ഥാനത്തിലും, പ്രതിഫ ലത്തിലും ശിക്ഷയിലും സദൂക്യർ വിശ്വസിച്ചിരുന്നില്ല (22:23; പ്രവൃത്തികൾ 23:8).[27] അതിലുപരിയായി, അവർ പരീശന്മാരുടെ വാമൊഴിയായ പാരമ്പര്യ ങ്ങളും തള്ളിക്കളഞ്ഞിരുന്നു.[28] സദൂക്യരിൽ പലരും പുരോഹിതന്മാരാകയാൽ,

അവരുടെ സ്വാധീന സ്ഥലം യെരുശലേം ദൈവാലയമായിരുന്നു. ന്യായാധിപ സഭയിൽ പരീശന്മാരുടേയും സദൂക്യരുടേയും പ്രതിനിധികൾ ഉണ്ടായിരുന്നു.

യെഹൂദ പ്രമാണിമാർ അവന്റെ അടുക്കൽ വന്നത് അവൻ ആരാണെന്നും എന്തധികാരത്താലാണ് ഇതൊക്കെ ചെയ്യുന്നത് എന്നും അറിയുവാനായിരുന്നു (യോഹ. 1:19–28). അവന്റെ **സ്നാനം** ഭാവിയിൽ വരുവാനിരിക്കുന്ന രാജ്യത്തിലെ അംഗത്വത്തിനുള്ളതാണെന്ന് ധരിച്ച് ചിലർ അവനാൽ സ്നാനം ഏൽക്കുവാൻ വന്നു. യോഹന്നാൻ അവരുടെ കാപട്യം മനസിലാക്കി അവരോട് കോപിച്ചു. അവൻ അവരെ **സർപ്പ സന്തതികളേ** എന്നു വിളിച്ചു ചോദിച്ചു, **"വരുവാനുള്ള കോപത്തെ ഒഴിഞ്ഞു ഓടിപോകുവാൻ നിങ്ങൾക്ക് ഉപദേശിച്ചു തന്നത് ആർ?"** തീ വരുന്നതായി കാണുമ്പോൾ, പാമ്പ് മാളത്തിൽനിന്നു പുറത്തുകടന്നു ഓടി പോകുവാൻ ശ്രമിക്കുന്നതുപോലെയായിരുന്നു അവർ (പ്രവൃത്തികൾ 28:3 നോക്കുക). വെറുതെ പോയി ഒന്നു സ്നാനപ്പെട്ടാൽ വരുവാനുള്ള ന്യായവിധി ഒഴിവാക്കാമെന്ന് ആ പ്രമാണിമാർ വിചാരിച്ചു കാണും.

യോഹന്നാന്റെ പ്രസംഗവും യേശുവും തമ്മിലുള്ള മറ്റൊരു സമാനത മത്തായി 3:7 നൽകുന്നു. തന്നെ എതിർത്ത വഞ്ചകരും അഴിമതിക്കാരുമായിരുന്ന പരീശന്മാരെ യേശുവും "സർപ്പസന്തതികളേ" എന്നു വിളിച്ചു (12:34). യോഹന്നാൻ ചോദിച്ചതുപോലെയുള്ള ഒരു ചോദ്യം യേശുവും ചോദിക്കയുണ്ടായി: "പാമ്പുകളേ, സർപ്പ സന്തതികളേ ന്യായവിധി നിങ്ങൾ എങ്ങനെ ഒഴിഞ്ഞുപോകും?" (23:33).

**വാക്യം 8.** കൂടുതൽ ആവശ്യമെന്തെന്ന് അവൻ പരീശന്മാരോടും സദൂക്യരോടും പറഞ്ഞു. അവർ **മാനസാന്തരത്തിനു യോഗ്യമായ ഫലം കായ്ക്കേണ്ടിയിരുന്നു.** അവൻ അവരെ സ്നാനപ്പെടുത്തുന്നതിനു മുൻപ് അവർ മാനസാന്തരപ്പെട്ടുവെന്ന് തെളിയിക്കേണ്ടിയിരുന്നു. കാണുവാൻ കഴിയുന്ന സ്വഭാവത്തെയാണ് തിരുവെഴുത്തിൽ "ഫലങ്ങൾ" എന്നു പറഞ്ഞിരിക്കുന്നത് (7:20; 12:33; 21:43). ശരിയായ മാനസാന്തരത്തിന് ജീവിതത്തിൽ ഒരു നവീകരണം തികച്ചും ആവശ്യമാണ് (പ്രവൃത്തികൾ 26:20). അതു വ്യക്തമാക്കുന്നതായിരുന്നു ചുങ്കക്കാരോടും പടയാളികളോടുമുള്ള യോഹന്നാന്റെ നിർദ്ദേശം (ലൂക്കൊ. 3:10–14).

**വാക്യം 9.** രക്ഷക്കായി കുടുംബമഹിമയെയോ, അവരുടെ ദേശിയത്വത്തെയോ ആശ്രയിക്കരുത് എന്ന് യോഹന്നാൻ പ്രമാണിമാരോട് പറഞ്ഞു. ദൈവസന്നിധിയിൽ അവർ ജഡപ്രകാരം **അബ്രഹാമിന്റെ** സന്തതിയായാൽ മാത്രം പോരാ എന്ന സമയം വരുന്നു. വാസ്തവത്തിൽ അവർക്ക് ദൈവദൃഷ്ടിയിൽ അങ്ങനെ ആകുവാൻ കഴിഞ്ഞില്ല; അവരുടെ മുൻഗാമികൾ നിമിത്തം ദൈവം അവരെ സ്വീകരിക്കുമെന്ന് അവർ കരുതിയിരുന്നു എന്നു മാത്രം (യോഹ. 8:31–59; റോമ. 2:1–29; 4:1–25). മൗൺസ് പറഞ്ഞു, "തന്റെ പിൻഗാമികളെയെല്ലാം ദൈവം സ്വീകരിക്കത്തക്ക യോഗ്യത അബ്രഹാമിനുണ്ടായിരുന്നതായിട്ടാണ് യെഹൂദന്മാരെ അവരുടെ റബ്ബിമാർ പഠിപ്പിച്ചിരുന്നത് (*മെകിൽറ്റാ എക്സോഡ്* 14:15)."[29] പുരാതനമായ ഒരു യെഹൂദ ഉറവിടമനുസരിച്ച് "ഇപ്പോൾ മുതൽ പരിഛേദന ഏറ്റ യിസ്രായേല്യർ ആരും നരകത്തിൽ പ്രവേശിക്കാതിരിക്കേണ്ടതിന്നു അബ്രഹാം നഗരവാതിലിൽ ഇരിക്കും."[30]

**"ഈ കല്ലുകളിൽനിന്നു അബ്രഹാമിന്നു മക്കളെ ഉളവാക്കുവാൻ ദൈവത്തിനു കഴിയും എന്നു ഞാൻ നിങ്ങളോട് പറയുന്നു."** ഡൊണാൾഡ് എ. ഹാഗ്നെർ നിരീക്ഷിച്ചു, "യോഹന്നാന്റെ പ്രസ്താവന വാക്കുകളെക്കൊണ്ട്

അമ്മാനമാടുകയാണെന്നു തോന്നുന്നു, കാരണം അരാമ്യഭാഷയിലും (എബ്രായ ഭാഷയിലും) 'മക്കൾ' (ബെനായ്യാ) എന്നതു 'കല്ലുകൾ' (അബ്ന യ്യാ) എന്നതിനു തുല്യമാണ്."[31] മരുഭൂമിയിൽ അത്തരം കല്ലുകൾ ധാരാളമുണ്ട് (4:3 നോക്കുക). യോഹന്നാൻ അവിടെ ഒരു ദൃശ്യസഹായമാണ് നൽകിയത്; അടുത്തു കിടക്കുന്നതിനെ ചൂണ്ടിക്കാട്ടിയാണ് യോഹന്നാൻ "ഈ" എന്ന സർവ്വനാമം ഉപയോഗിച്ചത്. "പാറ" "നുറുങ്ങിയത്" ആയിരുന്നു യെഹൂദ ന്മാർ, അതായത്, അവർ അബ്രഹാമിന്റെ പിൻഗാമികളായിരുന്നു എന്നതാണ് സൂചന (യെശ. 51:1, 2). എങ്ങനെയായാലും, അബ്രഹാമിന്ന് ആത്മിയ സന്ത തികളുണ്ടാകുവാൻ ദൈവം അവരെയല്ല ആശ്രയിച്ചത്. ലിയോൺ മോറിസ് എഴുതി, "വാഗ്ദാനം ചെയ്യാത്തവയിൽനിന്നു പോലും ഏതൊരു സമയത്തും നേട്ടമുള്ള ജനത്തെ പുറപ്പെടുവിക്കുവാൻ ദൈവത്തിനു കഴിയും എന്നാണ് യോഹന്നാൻ പറഞ്ഞത്."[32] യോഹന്നാന്റെ പ്രസ്താവനയിൽ ജാതികളും ഉൾപ്പെട്ടിരിക്കുന്നു എന്നു സ്പഷ്ടം (8:11, 12; ഗലാ. 3:26–29).

**വാക്യം 10**. വൃക്ഷത്തിന്റെ ഫലത്തെ എടുത്തുകാണിച്ചുകൊണ്ടാണ് യോഹന്നാൻ ഫലത്തെ (3:8) വിപുലീകരിക്കുന്നത്. ദൈവനീതി **വൃക്ഷങ്ങ ളുടെ ചുവട്ടിൽ കോടാലി വെച്ചിരിക്കുന്നു**, നല്ല ഫലം കായ്ക്കാത്ത വൃക്ഷം എല്ലാം **വെട്ടി തീയിൽ ഇട്ടുകളയുന്നു**. ജനത്തെ നശിപ്പിക്കുവാനിരിക്കുന്ന തിന്റെ ചിത്രമാണ് പഴയനിയമത്തിലെ കാട് വെട്ടി തീയിലിടുന്ന ചിത്രീകരണം നൽകുന്ന സന്ദേശം (യെശ. 10:33, 34; യിരെ. 46:22). എ. ഡി. 70–ൽ റോമാക്കാ രാൽ യിസ്രായേലിനെ ദൈവം വിധിക്കുവാനിരിക്കുന്നതാണ് യോഹന്നാൻ പ റയുന്നത്. എങ്ങനെയായാലും, അവസാനമുള്ള ന്യായവിധിയിൽ അനുസരി ക്കാതിരിക്കുന്നവരെ നശിപ്പിക്കുവാൻ പോകുന്നതിനെ കുറിച്ചും തുടർന്നുള്ള വാക്കുകളിൽ പറയുന്ന തീയുടെ ഭാഷയും നാശവും വ്യക്തമാക്കുന്നതായി തോന്നുന്നു. യേശുവിന്റെ ഉപദേശങ്ങളിൽ ഒരിക്കൽ കൂടെ യോഹന്നാന്റെ ശബ്ദം മുഴങ്ങി കേൾക്കാം (7:19; യോഹ. 15:2, 6 നോക്കുക).

**വാക്യം 11**. താൻ ആളുകളെ **വെള്ളത്തിൽ** ആണ് **സ്നാനം ഏൽപിച്ചത്** എന്നാണ് യോഹന്നാൻ പറഞ്ഞത്. ഗതിയായ (*എൻ*) തർജിമ ചെയ്തിരിക്കു ന്നത് ഇംഗ്ലീഷിൽ "വിത്ത്" എന്നാണ് എൻഏഎസ്ബിയിൽ, അതിന് പല അർത്ഥങ്ങളാണുള്ളത്. "സ്നാനമേൽപ്പിക്കുക" എന്ന ക്രിയയുടെ അർത്ഥം "മുക്കുക" എന്നാണ് (3:6 ന്റെ പരാമർശം നോക്കുക), *എൻ* എന്നതിന്റെ നല്ല തർജിമയാണ് "ഇൽ" എന്നത്; യോഹന്നാൻ "വെള്ളത്തിൽ" സ്നാനം കഴി പ്പിച്ചു (ഐഎൻടി).

യോഹന്നാൻ ആളുകളെ **മാനസാന്തര** സ്നാനമാണ് കഴിപ്പിച്ചത് (*എയിസ് മെറ്റാനോയൻ*). ആ പ്രത്യേക പ്രയോഗത്തിന്റെ അർത്ഥത്തെ കുറിച്ച് തർക്ക മുണ്ടായിട്ടുണ്ട്. ലൂയിസ് ശരിയായി പറഞ്ഞു,

> സ്നാനം ഏൽക്കുവാൻ വന്നവരോട് മാനസാന്തരപ്പെടുവാൻ ആവശ്യ പ്പെട്ടതിനാൽ, സ്നാനം മാനസാന്തരത്തെ പുറപ്പെടുവിക്കുമെന്ന് വാദിക്കു വാൻ സാധ്യമല്ല. മറുവശത്ത്, ഞങ്ങൾക്ക് ഇവിടെ "സാധാരണ" *എയിസ്* ആണ് ഉപയോഗിച്ചിട്ടുള്ളത് (അതായത്, മാനസാന്തരപ്പെട്ടതുകൊണ്ടാണ് ആളുകൾ സ്നാനം ഏറ്റത്) എന്നു പറയുന്നവർ എയിസിന്റെ മറ്റു സമാ ന്തര പ്രയോഗങ്ങൾ എടുത്തുകാണിക്കുവാൻ കഴിയുന്നില്ല. നാം മർക്കൊ സിന്റെയും ലൂക്കൊസിന്റേയും പ്രയോഗം എടുത്ത് മത്തായിയുടേത്

> വ്യാഖ്യാനിച്ചാൽ [“മാനസാന്തര സ്നാനം,” മർക്കൊ. 1:4; ലൂക്കൊ. 3:3], യോഹന്നാന്റെ സ്നാനം മാനസാന്തരത്തിലേക്കു നയിക്കുന്നതാണെന്ന് മനസിലാകും.[33]

ഹാഗ്നെർ പറഞ്ഞു, “ആ പ്രയോഗം നന്നായി മനസിലാകുന്നത്, വിത്ത് ‘റെഫെറൻസ് ടു,’ ‘അസോസിയേറ്റഡ് വിത്ത്,’ അല്ലെങ്കിൽ ‘ഇൻ എഗ്രിമെന്റ് വിത്ത്’”[34] എന്നു പറഞ്ഞാലാണ്. ഗൺഡ്രി പറഞ്ഞു, “ആളുകളുടെ സ്നാനത്തിൽ അടങ്ങിയിരിക്കുന്ന മാനസാന്തരം, അവരുടെ പ്രവൃത്തികളിൽ ആലങ്കാരികമായി കാണുന്നതാണ്.”[35]

യോഹന്നാന്റെ സ്നാനം “പാപം ക്ഷമിക്കുന്നതിനുമായിരുന്നു” (പാപമോചനം) (മർക്കൊ 1:4). എന്നാൽ വാസ്തവത്തിലുള്ള പാപമോചനം പൂർത്തിയാകുന്നത് ക്രിസ്തു ക്രൂശിൽ മരിക്കുമ്പോഴാണ് (റോമർ 3:21–26; എബ്രാ. 9:11–28). ക്രിസ്തുവിന്റെ മരണത്തിനു മുൻപ് യോഹന്നാന്റെ സ്നാനം ഏറ്റവർ വീണ്ടും സ്നാനമേറ്റതായി നാം കാണുന്നില്ല (പ്രവൃത്തികൾ 1:15; 2:41; എൻഐവി) പൗലൊസ് എഫെസൊസിൽ വെച്ചു കണ്ട പന്ത്രണ്ടുപേർ വീണ്ടും സ്നാനമേൽക്കുന്ന ഒരു മാതൃക മാത്രമാണ് നാം കാണുന്നത്, അവർ ക്രിസ്തുവിന്റെ മരണ*ശേഷം* യോഹന്നാന്റെ സ്നാനം ഏറ്റവരായിരുന്നു (പ്രവൃത്തികൾ 19:1–7). മഹത്തായ ആജ്ഞയിലെ സ്നാനം പെന്തെകൊസ്തുനാളിൽ പരിചയപ്പെടുത്തിയ ശേഷം യോഹന്നാന്റെ സ്നാനത്തിന് നിയമ സാധുതയില്ല.

തന്റെ പിന്നാലെ വരുന്നവൻ തന്നേക്കാൾ **ബലവാനാണ്** എന്ന് യോഹന്നാൻ സംശയരഹിതമായി പറഞ്ഞു, തന്റെ പങ്ക് ക്രിസ്തുവിന്റെ മുന്നോടി മാത്രമാണെന്ന് അവൻ വിനയത്തോടെ സമ്മതിച്ചു (യോഹ. 1:19–36; 3:28–30). **എന്റെ പിന്നാലെ വരുന്നവൻ** എന്ന പ്രയോഗം കാലനിർണ്ണയത്തെ പ്രതിപാദിക്കുന്നു എന്നതു തർക്കമില്ലാത്ത കാര്യമാണ്, എന്നാൽ അതു മശിഹയെയാണ് വിവരിക്കുന്നത് – “വരുവാനുള്ളവൻ” (11:2, 3; എൻആർ എസ്വി).[36] അവന്റെ **ചെരിപ്പിന്റെ വാർ അഴിപ്പാൻ** പോലും താൻ യോഗ്യനല്ല എന്നു യോഹന്നാൻ പറഞ്ഞു. മോറിസ് വിവരിച്ചു,

> പാലസ്തീനിലെ ഗുരുക്കന്മാർക്ക് ആദ്യം ശമ്പളമില്ലായിരുന്നു, എന്നാൽ റബ്ബിമാരുടെ ശിഷ്യന്മാർ തങ്ങളുടെ റബ്ബിമാർക്ക് എന്തെല്ലാം ചെയ്തുകൊടുക്കാമോ അതെല്ലാം ചെയ്തു കൊടുക്കുമായിരുന്നു. റബ്ബിമാരുടെയിടയിൽ ഒരു ചൊല്ലുണ്ട്, “ഒരു ദാസൻ ചെരിപ്പിന്റെ വാർ അഴിക്കുന്നതൊഴിച്ച്, തന്റെ യജമാനനു ചെയ്യുന്നതെല്ലാം ഒരു ശിഷ്യൻ തന്റെ റബ്ബിക്കു ചെയ്യണം.” ഒരു ദാസൻ ചെയ്യുന്ന പ്രവൃത്തി പോലും ചെയ്യുവാനുള്ള യോഗ്യത തനിക്കില്ല എന്നു പറയുമ്പോൾ, യോഹന്നാന്റെ താഴ്മയാണ് അതു സൂചിപ്പിക്കുന്നത്.[37]

യോഹന്നാനു ശേഷം വരുന്നവൻ **പരിശുദ്ധാത്മാവിലും തീയിലും സ്നാനം കഴിപ്പിക്കും** എന്നാണ് അവൻ പറഞ്ഞത്. അതിൽനിന്നും ക്രിസ്തു വെള്ളത്തിൽ സ്നാനം കഴിപ്പിക്കുകയില്ല എന്ന് നാം തീർച്ചയാക്കരുത്. യോഹന്നാന്റെ ഉദ്ദേശം അതായിരുന്നില്ല, വെള്ളത്തിൽ സ്നാനം കഴിപ്പിക്കുവാൻ യേശു കൽപിച്ചതിനാൽ അധികം കഴിയുന്നതിനു മുൻപ് യോഹന്നാൻ അതു ഉറപ്പിക്കുകയും ചെയ്തു (യോഹ. 3:26; 4:1, 2). വെള്ളത്തിൽ സ്നാനം കഴി

പ്പിക്കുന്നതുകൂടാതെ, യേശു പരിശുദ്ധാത്മാവിലും തീയിലും സ്നാനം കഴിപ്പിക്കും എന്നാണ് യോഹന്നാൻ അർത്ഥമാക്കിയത്.

യേശു സ്വർഗാരോഹണം ചെയ്യുന്നതിനു മുൻപ്, താൻ പോയാൽ പരിശുദ്ധാത്മാവിനെ അപ്പൊസ്തലന്മാരിൽ അയക്കുമെന്ന് അവൻ വാഗ്ദാനം ചെയ്തിരുന്നു (യോഹ. 14:16, 17, 26; 15:26, 27; 16:7–15). "അധിക നാൾ കഴിയുന്നതിനുമുമ്പ് താൻ അവരെ പരിശുദ്ധാത്മാവിനാൽ സ്നാനം കഴിപ്പിക്കും" എന്ന് യേശു അപ്പൊസ്തലന്മാരോട് പറയുകയുണ്ടായി (പ്രവൃത്തികൾ 1:5). അതു സംഭവിക്കുമ്പോൾ, അവൻ പറഞ്ഞു, "അവർ ശക്തി ലഭിച്ചിട്ട് യെരുശലേമിലും, യെഹൂദ്യയിലും, ലോകത്തിന്റെ അറ്റത്തോളം എന്റെ സാക്ഷികൾ ആകും" (പ്രവൃത്തികൾ 1:8). യേശു സ്വർഗാരോഹണം കഴിഞ്ഞുള്ള ആദ്യത്തെ പെന്തെകൊസ്തുനാളിൽ അതു നിറവേറി. അന്ന് അപ്പൊസ്തലന്മാർ മാത്രമാണ് പരിശുദ്ധാത്മാവിനാൽ സ്നാനം ഏറ്റത് (പ്രവൃത്തികൾ 2:4, 7, 14, 15). അപ്പൊസ്തലന്മാരുടെ കൈവെപ്പിനാലല്ലാതെ പരിശുദ്ധാത്മാവ് നേരിട്ട് പകർന്നു കൊടുത്ത മറ്റൊരു സന്ദർഭം (പ്രവൃത്തികൾ 8:14–19; 19:1–7), കൊർന്നെല്യോസിന്റെ ഭവനത്തിൽ വെച്ചായിരുന്നു (പ്രവൃത്തികൾ 10:24, 44, 45; 11:15–17). ആ രണ്ടു സന്ദർഭങ്ങളിലും, ക്രിസ്തു "എല്ലാവരിലേക്കും," യെഹൂദന്മാരിലേക്കും ജാതികളിലേക്കും അയച്ചതിന്റെ ഫലമായി രക്ഷ എല്ലാ ആത്മാക്കളിലേക്കും എത്തി (പ്രവൃത്തികൾ 2:41; 10:47, 48). ആത്മാവിന്റെ സ്നാനം യോഹന്നാൻ പ്രവചിച്ചതനുസരിച്ചായിരുന്നു:

> "അതിന്റെ ശേഷമോ ഞാൻ സകല ജഡത്തിന്മേലും
> എന്റെ ആത്മാവിനെ പകരും; നിങ്ങളുടെ
> പുത്രന്മാരും പുത്രിമാരും പ്രവചിക്കും;
> നിങ്ങളുടെ വൃദ്ധന്മാർ സ്വപ്നങ്ങളെ കാണും,
> നിങ്ങളുടെ യൗവനക്കാർ ദർശനങ്ങൾ ദർശിക്കും"
> (യോവേൽ 2:28; പ്രവൃത്തികൾ 2:17 നോക്കുക).

"അഗ്നിജ്വാല പോലെ പിളർന്നിരിക്കുന്ന നാവുകൾ അവർക്ക് പ്രത്യക്ഷമായി അവരിൽ ഓരോരുത്തരിലും പതിഞ്ഞപ്പോൾ യോഹന്നാൻ പറഞ്ഞ തീയാലുള്ള സ്നാനം സംഭവിച്ചു എന്നാണ് ചിലർ പഠിപ്പിക്കുന്നത്" (പ്രവൃത്തികൾ 2:3). എങ്ങനെയായാലും അത് അങ്ങനെ പ്രത്യക്ഷമായി തോന്നിയെങ്കിലും, അക്ഷരികമായ അഗ്നിജ്വാലയായിരുന്നില്ല. കൂടാതെ, അപ്പൊസ്തലന്മാർ തീയിൽ ("സ്നാനം" എന്നതിന്റെ അർത്ഥം പോലെ) മുങ്ങിയില്ല. ആ വാക്കുകളുടെ വ്യാഖ്യാനം യോഹന്നാൻ അടുത്ത വാക്യത്തിൽ നൽകുന്നു.

**വാക്യം 12**. കൊയ്ത്തു സമയത്തെ കൃഷിക്കാരനെ പോലെ മശിഹയെ വരച്ചു കാണിച്ചിരിക്കുന്നു. വയലിലെ ധാന്യം അവർ കൊയ്തശേഷം കോതമ്പ് **കളപ്പുരയിൽ** ശേഖരിച്ചു വെക്കുന്നു. അവിടെ വെച്ചാണ് കാളയെകൊണ്ട് മെതിപ്പിച്ച് ധാന്യവും വൈക്കോലും വേർതിരിക്കുന്നത്. കർഷകൻ ധാന്യം മുകളിലേക്ക് വീശുവാനായി പിന്നെ **വീശുമുറം** എടുക്കും. കാറ്റ് ഘനമുള്ള ധാന്യവും ഘനമില്ലാത്തതും തമ്മിൽ വേർതിരിക്കും; ഘനമുള്ള കോതമ്പ് കളപ്പുരയിൽ തന്നെ കൂടി കിടക്കും; പതിർ പറന്നു മാറി കിടക്കും. കർഷകൻ **കോതമ്പ് തന്റെ കളപ്പുരയിൽ ശേഖരി** [ച്ചു] **വെക്കും**. പക്ഷെ പതിരെല്ലാം കൂട്ടി തീയിൽ

ഇട്ടു ചുട്ടുകളയും. അതുപോലെ തന്നെ ക്രിസ്തുവും ചെയ്യും: **പതിരെല്ലാം കെടാത്ത തീയിൽ ഇട്ടുകളയും.** മലാഖി 4:1 ലെ മശിഹാ പ്രവചനത്തിലെ പതിർ "അഹങ്കാരികളും ദുഷ്പ്രവൃത്തിക്കാരും" ആയി തിരിച്ചറിയണം. അവർ "വേരോടെ അല്ലെങ്കിൽ കൊമ്പോടെ" "പിഴുതു കളയും" (3:10 നോക്കുക). ന്യായവിധി സൂചിപ്പിച്ച് കളപ്പുര പഴയനിയമത്തിൽ ആലങ്കാരികമായി പറഞ്ഞിട്ടുള്ളതു ശ്രദ്ധിക്കുക (സങ്കീ. 1:4; യെശ. 17:13; 29:5, 6; 33:11; 41:15, 16; യിരെ. 15:7; ഹോശേ. 13:3; സെഫ. 2:2).

യോഹന്നാൻ പറഞ്ഞ തീയിലുള്ള സ്നാനം, അനീതി പ്രവർത്തിച്ചവരെ അവസാനം ന്യായവിധിക്കു ശേഷം തീപ്പൊയ്കയിലേക്ക് തള്ളിക്കളയുന്നതാണ് (വെളി. 20:11–15; 21:8). ന്യായവിധിയുടെ അടയാളമായി മത്തായി തുടർച്ചയായി തീ ഉപയോഗിച്ചിട്ടുണ്ട് (5:22; 7:19; 13:40, 42; 18:8, 9; 25:31–33, 41, 46). തീയിലുള്ള സ്നാനത്തിനായി നാം ആഗ്രഹിക്കാത്തതിനാൽ അതിനായി നാം പ്രാർത്ഥിക്കരുത്.

## പാഠങ്ങൾ

### യോഹന്നാൻ സ്നാപകന്റെ സംഗ്രഹം (3:1-17)

പ്രവർത്തനത്തിനായി ഉപദേഷ്ടാക്കന്മാരെ പരിഗണിക്കുമ്പോൾ, പലപ്പോഴും അവരുടെ സംക്ഷേപം ആവശ്യപ്പെടാറുണ്ട്. സഹോദരന്മാർ അദ്ദേഹത്തെ കുറിച്ചും ചെയ്യുവാനുദ്ദേശിക്കുന്ന പ്രവൃത്തിയെ കുറിച്ചെല്ലാം അറിയുവാൻ ആഗ്രഹിക്കും. യോഹന്നാൻ സ്നാപകൻ തന്നെ കുറിച്ച് അവകാശപ്പെടുന്നതെല്ലാം ഉൾപ്പെടുന്നതാണ് ഈ അദ്ധ്യായം.

*പേർ:*

യോഹന്നാൻ എന്ന ഞാൻ, ഇപ്പോൾ യോഹന്നാൻ സ്നാപകൻ എന്ന് അറിയപ്പെടുന്നു (3:1) കാരണം ഞാൻ സ്നാനത്തെ കുറിച്ചും പാപമോചനത്തെ കുറിച്ചും പ്രസംഗിക്കയും അനേകം പേരെ സ്നാനപ്പെടുത്തുകയും ചെയ്തു.

*മാതാപിതാക്കൾ:*

അബിയാവിന്റെ ഭാഗമായിരുന്ന പുരോഹിതനായ സെഖര്യാവും, അഹരോന്റെ വംശാവലിയിലെ പുത്രിയായ എലിശബെത്തും (ലൂക്കൊ 1:5).

*ഏറ്റവുമധികം നാൾ താമസിച്ച സ്ഥലം:*

യെഹൂദ്യാ മരുഭൂമിയിൽ താമസിക്കുകയും, വെട്ടുക്കിളിയും കാട്ടുതേനും ഭക്ഷിക്കുകയും ചെയ്തു (3:1, 4).

*മുഖ്യ പ്രസംഗ ഉത്തരവാദിത്വം:*

കർത്താവിനു മുൻപായി അവന്റെ വഴി ഒരുക്കി, ആളുകൾക്ക് പാപമോചനത്താൽ രക്ഷാപരിജ്ഞാനം നൽകി (ലൂക്കൊ. 1:76, 77).

*അടുത്ത സമയത്തെ പ്രസംഗ ചുമതലകൾ:*

ദൈവരാജ്യം സമീപിച്ചിരിക്കയാൽ, മാനസാന്തരപ്പെടുവിൻ എന്ന് എല്ലാവരോടും മരുഭൂമിയിൽ വിളിച്ചു പറഞ്ഞ ശബ്ദം എന്റേതായിരുന്നു (3:3).

*എന്റെ പ്രസംഗത്തിൽ ...*

- പാപത്തെ ഞാൻ ചെറുതാക്കുന്നില്ല (3:1, 2).
- സന്ദേശം അറിയിക്കുമ്പോൾ എന്റെ വ്യക്തിപരമായ സുഖ സൗകര്യങ്ങൾ ഞാൻ നോക്കുന്നില്ല (3:1, 3, 4).
- പൂർണ്ണമായും പ്രതികരിക്കാത്ത സദസിനോടു, പ്രചാരമില്ലാത്ത വിഷയങ്ങളാണ് സംസാരിച്ചത് (3:5-9).
- ഞാൻ യേശുവിനെ ഉയർത്തി കാണിക്കുന്നു (3:11, 12).
- ഒരാൾ നഷ്ടപ്പെടുവാനിടയുണ്ട് എന്നു ഞാൻ മുന്നറിയിക്കുന്നു (3:10-12).
- ഒരാൾക്ക് രക്ഷിക്കപ്പെടുവാൻ കഴിയും എന്നു ഞാൻ പഠിപ്പിക്കുന്നു (3:12).[38]

*ലക്ഷ്യങ്ങൾ:*

ഞാൻ എന്റെ മിക്ക ലക്ഷ്യങ്ങളും നേടുകയും പ്രത്യേക അനുഭവം ലഭിക്കുകയും ചെയ്തു (3:13-17).

*ആധുനികമായി:*

ഹെരോദാവ് രാജാവിനെ ഗുണദോഷിച്ച കുറ്റത്തിന് ഇപ്പോൾ ഞാൻ തടവിലാണ് (ലൂക്കൊ. 3:19, 20). ഹെരോദാവിന്റെ ശക്തിയിൻകീഴിൽ ആണെങ്കിലും, ഞാൻ കർത്താവിന്റെ ശക്തിയിൽ സ്വതന്ത്രനാണ്.

**യോഹന്നാനിൽനിന്നും യേശുവിൽനിന്നുമുള്ള പാഠങ്ങൾ (3:1-17)**

യോഹന്നാൻ സ്നാപകൻ (സ്നാനം കഴിപ്പിച്ചതിനാലാണ് അങ്ങനെ അറിയപ്പെട്ടത്) നാനൂറു വർഷത്തെ ദൈവത്തിന്റെ നിശബ്ദതക്കുശേഷം യെഹൂദ്യാ മരുഭൂമിയിൽ വന്നു പ്രസംഗിക്കയും ജനത്തോട് മാനസാന്തരപ്പെടുവാൻ പറയുകയും ചെയ്തു. അവന് പ്രത്യേക വസ്ത്രധാരണവും ശക്തമായ സന്ദേശവുമുണ്ടായിരുന്നിട്ടും ധാരാളം ആളുകളെ ആകർഷിക്കുവാൻ അവനു കഴിഞ്ഞു. ആ സമയത്ത് യേശു തന്റെ പതിനെട്ടുവർഷത്തെ നിശബ്ദത ഭേദിച്ചു. നമുക്ക് അറിയാവുന്നേടത്തോളം, അവനു പന്ത്രണ്ടു വയസായിരുന്നപ്പോൾ നാം അവനിൽ നിന്നു കേട്ടതായിരുന്നു. ഇപ്പോൾ അവന്നു ഏതാണ്ട് മുപ്പതു വയസ് പ്രായമായി (ലൂക്കൊ. 2:42; 3:23). ആ സംഭവം നമ്മെ ചില പാഠങ്ങൾ പഠിപ്പിക്കുന്നു:

1. ദൈവസേവനത്തിനു മുൻപ് ഒരുക്കം ആവശ്യമാണ് (3:1-3).
2. സന്ദേശവാഹകന്റെ ബാഹ്യ പ്രത്യക്ഷത സന്ദേശത്തിനു പ്രധാനപ്പെട്ടതല്ല (3:4-6).
3. വാസ്തവത്തിലുള്ള മാനസാന്തരമോ ഏറ്റുപറച്ചിലോ നടത്താതെയുള്ള സ്നാനം ഉദ്ദേശം നിറവേറ്റുന്നില്ല (3:5-9).
4. ദൈവത്തെ അനുസരിക്കുന്നതിൽനിന്നു ആർക്കും ഒഴികഴിവില്ല (3:13-15).
5. ദൈവപൈതലാകുവാൻ സമ്മതിക്കുന്നത് അവസാനം സ്വർഗത്തിൽ പോകുവാൻ ശ്രമിക്കുന്നതാണ് (3:16, 17).[39]

**ക്രിസ്തുവിനായുള്ള യോഹന്നാന്റെ ഒരുക്കം (3:1-12)**

വരുവാനിരിക്കുന്ന ക്രിസ്തുവിനു വേണ്ടിയുള്ള യോഹന്നാന്റെ ഒരുക്ക

ത്തിൽ താഴെ കൊടുത്തിരിക്കുന്ന പോയിന്റുകൾ കാണാം:

1. ഒരുക്ക സന്ദേശം (3:1–4);
2. ഒരുക്ക സ്നാനം (3:5, 6);
3. ഒരുക്ക മാനസാന്തരം (3:7–12).

**ഒരു ഉപദേഷ്ടാവിന്റെ താഴ്മ (3:11-14)**

ക്രിസ്തുവിന്റെ സന്നിധിയിൽ നിന്നപ്പോൾ, യോഹന്നാനു തന്റെ താഴ്മയാൽ പാപമോചനത്തിന്റെ ആവശ്യം ബോധ്യമായി. തനിക്ക് യേശുവിന്റെ സ്നാനം ആവശ്യമാണെന്നും, അതിനാൽ യേശുവിനെ സ്നാനപ്പെടുത്തുവാൻ തനിക്ക് യോഗ്യതയില്ല എന്നും യോഹന്നാൻ സമ്മതിച്ചു. തന്റെ പിന്നാലെ വരുന്നവനെ കുറിച്ച് യോഹന്നാൻ ആളുകളോട് സംസാരിച്ചു. യേശു മശിഹയാണെന്ന് അവൻ തിരിച്ചറിഞ്ഞപ്പോൾ, ആളുകളെ അവൻ യേശുവിങ്കലേക്ക് തിരിച്ചുവിട്ടു (യോഹ. 1:29). ഇന്നത്തെ ഉപദേഷ്ടാക്കന്മാർ യോഹന്നാന്റെ താഴ്മ പഠിക്കണം.[40]

*സ്വന്ത പാപങ്ങളെ തിരിച്ചറിഞ്ഞ്, ഉപദേഷ്ടാക്കന്മാർ ദൈവമുൻപാകെ താഴണം.* ഉപദേഷ്ടാക്കന്മാർ "മുറിവേറ്റവരെ സുഖപ്പെടുത്തുന്നവരാണ്" എന്നു പറയപ്പെട്ടിട്ടുണ്ട്. തങ്ങൾ ദൈവത്തിൽ നിന്നും അനുഭവിച്ച കൃപയാണ് അവർ മറ്റുള്ളവരോട് പങ്കിടുന്നത്. റോമാ സാമ്രാജ്യത്തിലുടനീളം സഞ്ചരിച്ചു സുവിശേഷം അറിയിച്ച പൗലൊസ് ഒരിക്കലും താൻ "പാപികളിൽ ഒന്നാമൻ" എന്ന കാര്യം മറന്നില്ല (1 തിമൊ. 1:15; കെജെവി).

*ഉപദേഷ്ടാക്കന്മാർ തങ്ങൾ അറിയിക്കുന്ന സന്ദേശം ആദ്യം തങ്ങളിൽ തന്നെ പ്രായോഗികമാക്കണം.* യേശു പരീശന്മാരെ കഠിനമായി ശാസിക്കുവാൻ കാരണം "അവർ പഠിപ്പി [ച്ചത്] പരിശീലി [ച്ചില്ല]" എന്നതാണ് (23:3; എൻഐവി). കാപട്യമുള്ള ഉപദേഷ്ടാവ് വിജയിക്കുകയില്ല (7:1–5). സ്വയം-അച്ചടക്കം നടത്തുവാൻ ശീലിച്ചവനായിരുന്നു പൗലൊസ്, "പ്രസംഗിച്ച ശേഷം താൻ കൊള്ളരുതാത്തവനാകാതിരിക്കേണ്ടതിനായിരുന്നു" അത് (1 കൊരി. 9:27). അവൻ തന്റെ സന്ദേശത്തിന്റെ മാതൃകയാകുവാൻ ശ്രദ്ധിച്ചിരുന്നു. അവൻ എഴുതി, "ഞാൻ ക്രിസ്തുവിന്റെ അനുകാരിയാകയാൽ, നിങ്ങൾ എന്റെ അനുകാരിയാകുവിൻ" (1 കൊരി. 11:1).

*ഉപദേഷ്ടാക്കന്മാർ ആളുകളെ ക്രിസ്തുവിലേക്ക് നയിക്കണം.* ജോലിയുടെ സ്വഭാവം നിമിത്തം അവർ ശ്രദ്ധിക്കപ്പെടുവാൻ സാധ്യതയുണ്ട്. എങ്ങനെയായാലും, ക്രിസ്തുവായിരിക്കണം കേന്ദ്ര ബിന്ദു; ഉപദേഷ്ടാവ് സന്ദേശത്തിനുള്ള ഒരു വഴി മാത്രമാകണം. പൗലൊസ് പറഞ്ഞു, "ഞങ്ങളെ തന്നെയല്ല, ക്രിസ്തുയേശുവിനെ കർത്താവ് എന്നും ഞങ്ങളേയോ യേശു നിമിത്തം നിങ്ങളുടെ ദാസന്മാർ എന്നുമത്രെ ഞങ്ങൾ പ്രസംഗിക്കുന്നത്" (2 കൊരി. 4:5).

*ഉപസംഹാരം.* ഉപദേഷ്ടാക്കന്മാർ യോഹന്നാൻ സ്നാപകന്റെ മനോഭാവം അനുകരിക്കുമ്പോൾ, അവർ ആളുകളെ ക്രിസ്തുവിലേക്ക് നയിക്കുകയും അവരുടെ ദൈവിക സേവനം ഫലവത്തായി ദൈവരാജ്യത്തിന്റെ വ്യാപ്തി വർദ്ധിക്കുകയും ചെയ്യും.

ഡേവിഡ് സ്റ്റുവർട്ട്

കുറിപ്പുകൾ

[1]പഴയനിയമ കാലയളവിനു ശേഷം വിശ്വസ്തനായ ഒരു പ്രവാചകനു വേണ്ടി യെഹൂദന്മാർ കാത്തിരിക്കുകയായിരുന്നു (1 മക്കാബീസ് 4.46; 9.27; 14.41.; ജോസെഫസ് *എഗൻസ്റ്റ് ആപിയോൺ* 1.8). [2][യോഹന്നാന്റെ] വാക്കുകൾ "ജനങ്ങൾക്കിടയിൽ വലിയ സ്വാധീനം ചെലുത്തുകയും" വലിയ തോതിൽ "ജനങ്ങൾ" "അവന്റെ അടുക്കൽ എത്തുകയും ചെയ്തു എന്ന് ജോസെഫസ് എഴുതി" (ജോസെഫസ് ആന്റിക്വിറ്റീസ് 18.5.2.) [3]റോബർട്ട് എച്ച്. മൗൺസ്, *മാത്യു,* ന്യൂടെസ്റ്റമെന്റ് ബിബ്ലിക്കൽ കമെന്ററി (പീബഡി, മാസ്.: ഹെൻഡ്രിക്സൺ പബ്ലിഷേഴ്സ്, 1991), 21. [4]ജാക് പി. ലൂയിസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു*, പാർട്ട് 1, ദ ലിവിങ് വേർഡ് കമെന്ററി (ആസ്റ്റിൻ, ടെക്സ്.: സ്വീറ്റ് പബ്ലിഷിങ് കമ്പനി., 1976), 54. [5]ഗെർഹാർഡ് കിറ്റെൽ, "*എരെമോസ്*" ഇൻ *തിയോളജിക്കൽ ഡിക്ഷ്ണറി ഓഫ് ദ ന്യൂടെസ്റ്റമെന്റ്* എഡി., ഗെർഹാർഡ് കിറ്റെൽ, ട്രാൻസ്. ജെഫ്രി ഡബ്ലിയു. ബ്രോമിലേ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1964), 2:658-59. [6]ജോൺ എ. ബ്രോഡസ്, *കമെന്ററി ഓൺ മാത്യു* (ലൂയിസ്വിലേ: എൻ.പി.: 1886; റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ക്രീഗൽ പബ്ലിക്കേഷൻസ്, 1990), 34. [7]റോബർട്ട് എച്ച്. ഗൺഡ്രി, *മാത്യു, ഏ കമെന്ററി ഓൺ ഹിസ് ലിറ്റററി ആന്റ് തിയോളജിക്കൽ ആക്ട്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1982), 43. [8]"ദൈവരാജ്യം" എന്ന പ്രയോഗം മത്തായി നാല് പ്രാവശ്യമേ ഉപയോഗിച്ചിട്ടുള്ളു (12:28; 19:24; 21:31, 43). [9]ലൂയിസ്, 55; മൗൺസ്, 23. [10]പോൾ ടി. ബട്ട്ലർ, *ഐസയ്യാ* വാല്യം. 3, ബൈബിൾ സ്റ്റഡി ടെക്സ്റ്റ് ബുക്ക് സീരീസ് (ജോപ്ലിൻ, മോ.: കോളേജ് പ്രസ്, 1978), 10. [11]ലൂയിസ്, 56; നോക്കുക മാനുവൽ ഓഫ് ഡിസിപ്ലിൻ 8.13-16; 9.19. [12]നോക്കുക ജോസെഫസ് വാഴ്സ്, 1.24.3. [13]ഗൺഡ്രി 45. [14]ലിയോൺ മോറിസ്, ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു, പില്ലർ കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1992), 55. [15]എം. ലിയോ ബേൾസ്, ഏ കമെന്ററി ഓൺ ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു (നാഷ്വിലേ: ഗോസ്പെൽ അഡ്വൊക്കേറ്റ് കമ്പനി., 1936), 71. [16]ജോസെഫസ് ആന്റിക്വിറ്റിസ് 18.5.2. [17]വാൾട്ടർ ബാവർ, ഏ ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൺ ഓഫ് ദ ന്യൂടെസ്റ്റമെന്റ് ആന്റ് അദർ ഏർലി ക്രിസ്ത്യൻ ലിറ്ററേച്ചേഴ്സ്, 3ഡ് എഡി. റെവ. ആന്റ് എഡി. ഫ്രെഡറിക് ഡബ്ലിയു. ഡാർക്കർ (ഷിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ശിക്കാഗോ പ്രസ്, 2000), 164. [18]ഡേവിഡ് എസ്. ഡോക്കറി, "ബാപ്റ്റിസം," ഇൻ ഡിക്ഷ്ണറി ഓഫ് ജീസസ് ആന്റ് ദ ഗോസ്പെൽസ്, എഡി. ജോവേൽ ബി. ഗ്രീൻ ആന്റ് സ്കോട്ട് മെക്നൈറ്റ്, (ഡൗണേഴ്സ് ഗ്രോവ്, Ill.: ഇന്റർ വാഴ്സിറ്റി പ്രസ്, 1992), 55. [19]മിഷ്നാ. മിക്വാവോത്ത്. [20]ഡോക്കറി, 56-57. നോക്കുക മാനുവേൽ ഓഫ് ഡിസിപ്ലിൻ, 3.4-9; 6.14-23. ഖുമ്റാൻ സമൂഹം എസിൻ പാർട്ടിയിൽ പെട്ടവരായിരിക്കാം. അവർ ദൈനന്തിന ശുദ്ധീകരണ പ്രക്രിയയുടെ ഭാഗമായി "ദിവസവും തണുത്ത വെള്ളത്തിൽ കുളിച്ചിരുന്നു" എന്നു ജോസെഫസ് സൂചിപ്പിച്ചു (ജോസെഫസ് വാഴ്സ് 2.8.5,9).

[21]ജി. ആർ. ബിസ്ലേ മുറേ, *ബാപ്റ്റിസം ഇൻ ദ ന്യൂടെസ്റ്റമെന്റ്* (എൻ.പി..: ഡബ്ലിയു. ടി. വൈറ്റ്ലേ ലെക്ച്ചർഷിപ്, 1962; റീപ്രിന്റ് ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു എം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1994), 18-31; നോക്കുക എപിക്റ്റേറ്റസ് *ഡിസെർടേഷൻസ്* 2.9.9-21; മിഷ്നാ *പെസഹിം* 8.8; താൽമൂദ് *യെഹമോത്ത്* 46; *പെസഹിം* 91-92. [22]ജെ. ഡബ്ലിയു മെക്ഗാർവേ, *ദ ന്യൂടെസ്റ്റമെന്റ് കമെന്ററി*, വാല്യം. 1, *മാത്യു ആന്റ് മാർക്ക്* (എൻ.പി. 1875; റീപ്രിന്റ്, ഡിലൈറ്റ് ആർക്ക്.: ഗോസ്പെൽ

ലൈറ്റ് പബ്ലിഷിങ് കമ്പനി., എൻ. ഡി.), 34. [23]ലൂയിസ് 58. [24]മക്കാബീസ് 2.42; 7.13; 2 മക്കാബീസ് 14.6. [25]മിഷ്നാ *അബോത്ത്* 3.14. [26]ജോസെഫസ് *ആന്റികിറ്റിസ്* 17.2.4. [27]ജോസെഫസ് *വാഴ്സ്* 2.8.14. [28]ജോസെഫസ് *ആന്റികിറ്റീസ്* 18.1.4. [29]മൗൺസ്, 23. [30]*ജെനെസിസ് രാബ്ബാ* 48.8; നോക്കുക ജസ്റ്റിൻ മാർട്ടിർ *ഡയലോഗ് വിത്ത് ട്രൈഫോ* 140.

[31]ഡൊണാൾഡ് എ. ഹാഗ്നെർ, *മാത്യു 1–13*, വേർഡ് ബിബിളിക്കൽ കമെന്ററി, വാല്യും 33എ (ഡള്ളാസ്: വേർഡ് ബുക്സ്, 1993), 50. [32]മോറിസ്, 59. [33]ലൂയിസ്, 62. [34]ഹാഗ്നെർ, 51. [35]ഗൺഡ്രി, 48. [36]നോക്കുക സങ്കീ 118:26; മലാ. 3:1; മത്താ. 11:3; 21:9; 23:39; യോഹ. 4:25. [37]മോറിസ്, 61. താൽമൂദ് *കെറ്റുബോത്* 96 ഉദ്ധരിച്ചിരിക്കുന്നു; നോക്കുക *ബാഹാ ബാത്രാ* 53. [38]മത്തായി 3:1–17 നെ ആസ്പദമാക്കിയുള്ള റെസ്വിം എടുത്തിരിക്കുന്നത് ജാക് വിൽതെം, “ജോൺ ദ ബാപ്റ്റിസ്റ്റ്സ് റെസ്വിം ആസ് ഏ പ്രീച്ചർ,” ആർ*എസ്വിപി ന്യുസ്ലെറ്റർ* 153–8–83–36 (1983). ജാക് വിതെം, പിഓ. ബോക്സ് 2222, ഫ്ളോറൻസ്, ഏഎൽ. 35630. [39]ജാക് വിതെം “ദ ബാപ്റ്റിസം ഓഫ് ജീസസ്,” *ആർഎസ്വിപി ന്യുസ്ലെറ്റർ* 172–6–84–41 (1984). [40]ഈ പാഠം പ്രത്യേകമായി ഉപദേഷ്ടാക്കന്മാർക്ക് ഉപയോഗിക്കുവാനുള്ളതാണെങ്കിലും, പൊതുവിൽ എല്ലാ ക്രിസ്ത്യാനികൾക്കും ഉപയോഗിക്കാവുന്ന രീതിയിൽ അവതരിപ്പിക്കാം.